പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.637 — 29.10.2019-ൽ മറുപടിക്ക്

## ബാറ്ററി ചാർജ്ജിംഗ് സ്റ്റേഷനുകൾ

| | ചോദ്യം<br>ശ്രീ. വി. ജോയി | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| | ഇലക്ട്രിക്ക് വാഹനങ്ങൾക്ക് ആവശ്യമായ ബാറ്ററി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ഊർജ്ജ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | സംസ്ഥാനത്തൊട്ടാകെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ സമീപനരേഖ വൈദ്യുതി ബോർഡ് പുറത്തിറക്കി. സംസ്ഥാനത്തെ മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളാക്കി മാറ്റുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ് വൈദ്യുതി ബോർഡ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വൈദ്യുതി ബോർഡിനെ സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.<br>ആദ്യഘട്ടമായി തിരുവനന്തപുരം, കൊച്ചി കോഴിക്കോട് എന്നീ നഗരങ്ങളിൽ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള താത്പര്യ പത്രം വിളിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി യുടെ അധീനതയിലുള്ള 6 കോർപ്പറേഷനുകളിലെ സ്ഥലങ്ങളിൽ ഡി.സി ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. കേരള ഗവൺമെന്റിന്റെ ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനായി ഗവൺമെന്റ് സെക്രട്ടറിയേറ്റ് കോമ്പൗണ്ടിൽ ഒരു പൈലറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിച്ചു.<br>ഇലക്ട്രിക്ക് വാഹനങ്ങൾക്ക് ആവശ്യമായ ബാറ്ററി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 348.45 ലക്ഷം രൂപയുടെ ഭരണാനുമതി അനർട്ടിന് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ